(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം: കെ.എസ്.എ./ടി.വി.എം.ജി.പി.11/2033/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി. 26.11.2016,

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),

മംഗലപുരം ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : മംഗലപുരം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15 (1) ചട്ടം 20, 23, 1997 കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം),
2. ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം,
3. കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ/ടി.വി.എം.ജി.പി.11/2033/2016 തീയതി. 26.11.2016

## തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട്*

*ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. 01.06.2016 മുതൽ 18.09.2016 വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുള്ളതാണ്. ടി മറുപടിക്കുറിപ്പുകൾ പരിഗണിച്ചതിനു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങളാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. മറുപടി നൽകാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും വിവരങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | : ശ്രീ. ജമാലുദ്ദീൻ. എ<br>(ഡെപ്യൂട്ടി ഡയറക്ടർ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | :19.09.2016 മുതൽ 30.09.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : ശ്രീ. നിസാമുദീൻ എ. ഓഡിറ്റ് ഓഫീസർ<br>: ശ്രീ. വിനോദ്.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>: ശ്രീ. നവനീത് ബി. സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>(ബി) നിർവ്വഹണാധികാരികൾ</u>

| | |
|---|---|
| പ്രസിഡന്റ് | : ശ്രീമതി. എസ്. കവിത<br>(01.04.2015 മുതൽ 01.11.2015 വരെ)<br>: ശ്രീ. മംഗലപുരം ഷാഫി<br>(01.11.2015 മുതൽ 31.03.2016 വരെ) |

| | |
|---|---|
| സെക്രട്ടറി | : ശ്രീമതി. ഷമീം. ഐ<br>(01.04.2015 മുതൽ 31.03.2016 വരെ) |

(സി) നിർവ്വഹണോദ്യോഗസ്ഥർ

| | |
|---|---|
| സെക്രട്ടറി | : ശ്രീമതി. ഷമീം. ഐ.<br>(01.04.2015 മുതൽ 31.03.2016 വരെ) |
| അസി. സെക്രട്ടറി | : ശ്രീമതി. ഷീജാമോൾ.എൻ.ആർ<br>(01.04.2015 മുതൽ 30.11.2015 വരെ)<br>: ശ്രീമതി. ടി.കെ.ബീന<br>(21.01.2015 മുതൽ 20.07.2015 വരെ)<br>: ശ്രീ. രാജേന്ദ്രൻ നായർ<br>(18.08.2015 മുതൽ 31.03.2016 വരെ) |
| അസി. എഞ്ചിനീയർ | : ശ്രീമതി. ഷീബ.എ.എസ്<br>(01.04.2015 മുതൽ 31.03.2016 വരെ) |
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | : ഡോ.സി.എം.മോഹൻലാൽ<br>(01.04.2015 മുതൽ 20.06.2015 വരെ)<br>: ഡോ.അനീസ പൂക്കുഞ്ഞ്<br>(21.06.2015 മുതൽ 31.03.2016 വരെ) |
| മെഡിക്കൽ ഓഫീസർ | : ഡോ.സിമി സാരംഗ് |

| | |
|---|---|
| (ഹോമിയോ) | (01.04.2015 മുതൽ 26.05.2015 വരെ)<br>: ഡോ.സുരേഷ് ബാബു<br>(27.05.2015 മുതൽ 10.07.2015 വരെ)<br>: ഡോ.കെ.ബീന<br>(11.07.2015 മുതൽ 31.03.2016 വരെ) |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | : ശ്രീമതി. ചിത്ര<br>(01.04.2015 മുതൽ 20.06.2015 വരെ)<br>: ഡോ.മിനി.എസ്.പൈ<br>(03.07.2015 മുതൽ 31.03.2016 വരെ) |
| വെറ്റിനറി സർജൻ | : ഡോ.എം.ജി.ഡാലിയ<br>(01.04.2015 മുതൽ 31.03.2016 വരെ) |
| വി.ഇ.ഒ - I | : ശ്രീ. സുബി സുകുമാരൻ<br>(01.04.2015 മുതൽ 31.03.2016 വരെ) |
| വി.ഇ.ഒ - II | : ശ്രീ. റഫീക്ക്.എ<br>(01.04.2015 മുതൽ 31.03.2016 വരെ) |
| കൃഷി ഓഫീസർ | : ശ്രീ. സുകുമാരൻ നായർ<br>(01.04.2015 മുതൽ 31.03.2016 വരെ) |

| | |
|---|---|
| ICDS സൂപ്പർവൈസർ | : ശ്രീമതി. കൃഷ്ണ.എം.ആർ<br>(01.04.2015 മുതൽ 31.01.2016 വരെ)<br>: ശ്രീമതി. വനജകുമാരി.ടി<br>(01.02.2016 മുതൽ 31.03.2016 വരെ) |

ഉള്ളടക്കം

ഭാഗം - 1


| ക്രമ.നം | വിഷയം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 1 | ബജറ്റ് | 1.1 | 5 |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 | 5 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | 5 |
| 4 | സാമ്പത്തിക വിശകലനം | 1.4 | 5 |
| 5 | ഫണ്ട് വിനിയോഗം | 1.5 | 6 |
| 6 | പദ്ധതി അവലോകനം | 1.6 | 6 |
| 7 | തനത് വരുമാനം | 1.7 | 7 |
| 8 | ക്ഷേമ പദ്ധതികൾ | 1.8 | 8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | 8 |
| 10 | മറ്റ് ഓഡിറ്റുകളുടെ വിവരം | 1.10 | 8 |

| | | | |
|---|---|---|---|
| 11 | അനുബന്ധ പത്രികകളുടെ വിവരം | 1.11 | 8 |


ഭാഗം - 2


| ക്രമ.നം | വിഷയം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 12 | പരസ്യനികുതി | 2.1 | |


ഭാഗം - 3


| ക്രമ.നം | വിഷയം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 13 | മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിലെ അശാസ്ത്രീയത | 3.1 | 9 |
| 14 | മരാമത്ത് പ്രവൃത്തി - കാലതാമസത്തിന് ഫൈൻ നിശ്ചിത നിരക്കിൽ ഈടാക്കിയില്ല – 5999/- രൂപ നഷ്ടം | 3.2 | 10 |
| 15 | പച്ചക്കറികൃഷി-ഗ്രോബാഗ് വിതരണം-പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായുള്ള പരിശീലന പരിപാടി- ചെലവ് നിരാകരിക്കുന്നു | 3.3 | 11 |
| 16 | പട്ടികജാതി കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ- ഉപകരണങ്ങൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു | 3.4 | 11 |

| | | | |
|---|---|---|---|
| 17 | എൻ.എ.സി.-യില്ലാതെ മരുന്ന് വാങ്ങൽ - 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3.5 | 12 |
| 18 | വാഹന ഉപയോഗത്തിലെ ക്രമക്കേടുകൾ | 3.6 | 12 |
| 19 | പ്രീ പ്രൈമറി പോഷകാഹാരവിതരണം പദ്ധതി - അശാസ്ത്രീയമായ വിതരണം | 3.7 | 14 |



ഭാഗം - 4



| ക്രമ.നം | വിഷയം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 20 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4.1 | 15 |
| 21 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4.2 | 15 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4.3 | 15 |
| 23 | വായ്പ /വായ്പ തിരിച്ചടവ് | 4.4 | 15 |
| 24 | സ്ഥിര നിക്ഷേപങ്ങൾ | 4.5 | 16 |
| 25 | ഓഡിറ്റ് റിക്കവറി | 4.6 | 16 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4.7 | 16 |

| | | | |
|---|---|---|---|
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4.8 | 16 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് | 4.9 | 17 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 29.02.2016 തീയതിയിലെ I (1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 18,59,99,446/- രൂപ വരവും 17,02,47,650/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് മുന്നിരിപ്പ് ഉൾപ്പെടെ 9,25,49,345/- രൂപയും ചെലവ് 5,44,55,450/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരികെ നൽകിയ തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| - | 21.07.2016 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ സമർപ്പിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2015-16 | 20.07.2016 | - |

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 3,85,41,519/- |
| വരവ് | : | 5,40,07,826/- |
| ആകെ | : | 9,25,49,345/- |
| ചെലവ് | : | 6,44,55,450/- |

| | | |
|---|---|---|
| നീക്കിയിരുപ്പ് | : | 2,80,93,895/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 6034375 | 1809615 | 7843990 | 4838160 | 3005830 |
| വികസനഫണ്ട് (എസ്.സി.പി) | 4600832 | 11186468 | 15787300 | 15787300 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 159000 | 159000 | 159000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1023627 | 4507731 | 5531358 | 5531358 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 150213 | 3266800 | 3417013 | 3417013 | 0 |
| 13- ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2397083 | 9216915 | 11613998 | 11613998 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 4956137 | 1696679 | 6652816 | 6652816 | 0 |
| എം.എൻ.ആർ. ഇ.ജി.എസ് | 20580 | 15630804 | 15651384 | 15643110 | 8274 |
| ബി ഫണ്ട് | 0 | 42182180 | 42182180 | 42182180 | 0 |
| തനത് ഫണ്ട് | 3950464 | 10027371 | 9369765 | 4761695 | 4608070 |

| | | | | | |
|---|---|---|---|---|---|
| ഇംപ്രസ്റ്റ് | 783010 | 31633 | 814643 | 0 | 814643 |
| സാക്ഷരത | 2054 | 83 | 2137 | 0 | 2137 |
| ക്യാഷ് ഇൻ ഹാൻഡ് | 188388 | 92647 | 281035 | 188388 | 92647 |
| വി.വി.എസ്.എ.(1)(2) | 3180 | - | 3180 | - | 3180 |
| ജനറൽ പർപ്പസ് | 14431576 | 10580680 | 25012256 | 5453142 | 19559114 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 142 | 725030671 | 109 | 50133022 | 5 | 28 | 76.76% |

പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കാർഷികമേഖലയിലെ പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതും പശ്ചാത്തല മേഖലയിലെ പദ്ധതികൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും പ്രയോജനപ്പെടും വിധം നടപ്പാക്കേണ്ടതുമാണ്.

ഫണ്ടിന്റെ ലഭ്യതയുറപ്പാക്കിയും പ്രാഥമിക പഠനം നടത്തി പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും അംഗീകാരം ലഭിക്കുന്ന എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനതു വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് തനതു വരുമാനത്തിൽ വർദ്ധനവുണ്ടെങ്കിലും കെട്ടിട നികുതി, വിനോദനികുതി, പരസ്യനികുതി എന്നിവയിലെ വരുമാനക്കുറവ് ഗൗരവമായി ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി വരുമാനങ്ങൾ കൃത്യമായി പിരിച്ചെടുക്കുന്നതിലൂടെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| നികുതി വരവുകൾ | | | |
| വിനോദ നികുതി | 19800 | 0 | -19800 |
| തൊഴിൽ നികുതി | 2342906 | 2722345 | 379439 |
| കെട്ടിട നികുതി | 3306813 | 3302581 | -4232 |
| നികുതിയേതര വരവുകൾ | | | |
| ലേലം (മാർക്കറ്റ്) | 111349 | 297808 | 186459 |
| ഡി ആന്റ് ഒ ലൈസൻസ് | 208800 | 214100 | 5300 |
| മറ്റു വരവുകൾ | 4010382 | 27504493 | 23494111 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 719280 | 439 |
| കർഷകത്തൊഴിലാളി പെൻഷൻ | 3191220 | 407 |
| വിധവാ പെൻഷൻ | 12519760 | 1526 |
| വാർദ്ധക്യകാല പെൻഷൻ | 20913690 | 2909 |
| വികലാംഗ പെൻഷൻ | 4298630 | 446 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 110000 | 7 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 416160 | 45 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2016 രാവിലെ 10.35 മണിക്ക് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1427/- രൂപ നീക്കിയിരുപ്പുള്ളതായി ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.08.2016 മുതൽ 05.08.2016 വരെ | 07/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | - | 2013-14 | 24.03.2016 |

## 1-11 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ന്യൂനതാ സാക്ഷ്യപത്രം

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പരസ്യനികുതി

മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ വരവ് രേഖകൾ പരിശോധിച്ചതിൽ 2015-16 സാമ്പത്തിക വർഷത്തെ വരവ് 12000/- രൂപ മാത്രമാണ്. നിലവിൽ കരാറുകാരൻ മുഖാന്തിരമാണ് പരസ്യനികുതി പിരിച്ചെടുക്കുന്നത്. ദേശീയ പാതയോരത്തുള്ള പഞ്ചായത്തായതിനാൽ പഞ്ചായത്ത് പരിധിയിൽ വൻകിട പരസ്യങ്ങളുടെ (വലിപ്പമേറിയ ഹോർഡിംഗ്സുകൾ) മാത്രം നികുതിയീടാക്കിയാൽപ്പോലും തൻവർഷ വരവിനേക്കാൾ അധികം ലഭിക്കും. പരസ്യ നികുതിയിലൂടെയുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിലെ അശാസ്ത്രീയത

റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിലെ അറ്റകുറ്റപ്പണി ആവശ്യമായ എല്ലാ റോഡുകളുടെയും പണി പൂർത്തിയാക്കിയിട്ടും തുക അവശേഷിക്കുന്നുവെങ്കിൽ മറ്റ് റോഡുകളുടെ മെറ്റലിംഗ്,

ടാറിംഗ്, കോൺക്രീറ്റ് എന്നിവ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ഈ നിബന്ധന പാലിക്കുന്നില്ല. പഞ്ചായത്തിലെ റോഡുകളെ ഒന്നായി കണ്ടുകൊണ്ട് അവയ്ക്ക് ഒരു വർഷ ഇടവേളയിൽ ആവശ്യമായ അറ്റകുറ്റപ്പണി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ് റോഡുകളുടെ ആയുർദൈർഘ്യം വർദ്ധിക്കുന്നതിനും മേജർ അറ്റകുറ്റപ്പണിയുടെ ആവശ്യകത പരമാവധി കുറയ്ക്കുന്നതിനും ഇത് തടസ്സമാണ്.

ഒരു വർഷം നാലോ അഞ്ചോ റോഡുകൾക്കായി ഫണ്ട് വകയിരുത്തുമ്പോൾ മറ്റ് റോഡുകളുടെ മൈനർ അറ്റകുറ്റപ്പണി ചെയ്യാതിരിക്കുകയും ഇത് ക്രമേണ മേജർ അറ്റകുറ്റപ്പണി ക്ഷണിച്ചുവരുത്തുകയും ചെയ്യുന്നു. എല്ലാ സമയത്തും റോഡുകളിൽ പലതും ഗതാഗതയോഗ്യമല്ലാതായിരിക്കുന്നതിന് ഇത് കാരണമാകുന്നു.

റോഡ് മെയിന്റനൻസ് ഫണ്ടിന്റെ ഉപയോഗം ശാസ്ത്രീയമാക്കുവാനും അതിലൂടെ പഞ്ചായത്തിലെ എല്ലാ റോഡുകളുടെയും സ്ഥിതി മെച്ചപ്പെടുത്തുവാനും നടപടി ഉണ്ടാകേണ്ടതാണ്.

## 3-2 മരാമത്ത് പ്രവൃത്തി - കാലതാമസത്തിന് ഫൈൻ നിശ്ചിതനിരക്കിൽ ഈടാക്കിയില്ല-5999/-രൂപ നഷ്ടം

| | | |
|---|---|---|
| പ്രോജക്ട് നംപർ | - | 102/16 spill over (85/15 old) |
| എസ്റ്റിമേറ്റ് | - | 6,00,000/- (13-ാം ധനകാര്യ കമ്മീഷൻ) |
| അളവ് പുസ്തകം | - | 120/14-15 |
| കരാറുകാരൻ | - | എൻ. ശശിധരൻ നായർ |
| ബിൽ നമ്പർ | - | 7/15-16 തീയതി 20.08.2015 |

മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2014-15 ലെ മരാമത്ത് പ്രവൃത്തികളിൽ ഉൾപ്പെട്ട ശാസ്തവട്ടം വടക്കുംകര റോഡ് മെറ്റലിംഗ്, ടാറിംഗ് (പ്രോജക്ട് നംപർ .85/15) എന്ന പ്രവൃത്തി കരാറുകാരനായ ശ്രീ. എൻ. ശശിധരൻ നായർക്ക് എസ്റ്റിമേറ്റ് നിരക്കിൽ (600000/-രൂപ) അനുവദിച്ച് നൽകി. 26.11.2014 ൽ കരാറുകാരൻ പ്രവൃത്തിക്കായി സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. സെലക്ഷൻ നോട്ടീസ് പ്രകാരം മൂന്ന് മാസമാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ്. അതായത് 26.2.2015 ന് പ്രവൃത്തി പൂർത്തിയാക്കണമായിരുന്നു. എന്നാൽ 25.07.2015 നാണ് പണി പൂർത്തിയാക്കിയത് എന്ന് അളവ് പുസ്തകത്തിൽ നിന്ന് വ്യക്തമാകുന്നു. ആകെ പ്രവൃത്തി മൂല്യം 5,99,885/-രൂപയാണ്. പ്രവൃത്തിയുടെ കരാറുടമ്പടി ഖണ്ഡിക 7 പ്രകാരം 26.02.2015-ന് മുൻപ് പ്രവൃത്തി പൂർത്തിയാക്കിയില്ലെങ്കിൽ കരാറുകാരനിൽ നിന്നും കരാർ തുകയുടെ 2 ശതമാനം തുക പിഴ ഈടാക്കണമായിരുന്നു.

എന്നാൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 09.07.2015ലെ 6(20) നംപർ തീരുമാനപ്രകാരം പിഴ ഒഴവാക്കിക്കൊടുത്തു. പ്രവൃത്തി വൈകിയത് മഴ കാരണം ആണെന്നും അതിനാൽ പിഴ ഒഴിവാക്കുന്നു എന്നുമാണ് തീരുമാനത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ 2014-15 ൽ ഏറ്റെടുത്ത മറ്റ് നിരവധി ടാറിംഗ് റീടാറിംഗ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കിയിരുന്നു. അവയ്ക്കൊന്നും ബാധകമാകാതിരുന്ന വിഷയമാണ് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്.അതിനാൽ തന്നെ ഇതിന് സാധൂകരണമില്ല. മാത്രവുമല്ല, പി.ഡബ്ളിയു.ഡി. മാനുവൽ, കരാർ വ്യവസ്ഥകൾ എന്നിവയ്ക്കു വിധേയമായ തീരുമാനം മാത്രമേ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കുവാൻ പാടുള്ളു. എന്നാൽ കരാറുകാരനിൽ നിന്നും 1% പിഴ മാത്രമാണ് ഈടാക്കിയത്. അതിനാൽ കരാറുകാരനിൽ നിന്നും ബാക്കി ഒരു ശതമാനം പിഴ ഈടാക്കേണ്ടതാണ്. ഇതിനായി സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും തുക ഈടാക്കുകയോ അല്ലെങ്കിൽ കരാറുകാരനെ കൊണ്ട് പിഴ അടപ്പിക്കുകയോ അല്ലെങ്കിൽ 09.07.2015 ലെ കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങളിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായോ ഈടാക്കേണ്ടതുമാണ്.

ഒരു ശതമാനം പിഴ ഈടാക്കുന്നതാണെന്നും പിഴ ഈടാക്കിയതിന് ശേഷം മാത്രമേ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരിച്ച് നൽകുകയുള്ളുവെന്നും ഓഡിറ്റ് എൻക്വയറി 7 നുള്ള മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ

വ്യക്തമാക്കിയിട്ടുണ്ട്.

## 3-3 പച്ചക്കറികൃഷി-ഗ്രോബാഗ് വിതരണം-പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായുള്ള പരിശീലന പരിപാടി-ചെലവ് നിരാകരിക്കുന്നു

110കർഷകർക്ക് ജൈവവളവും ഗ്രോബാഗും വിതരണംചെയ്യുന്ന പദ്ധതിയിൽപ്പെടുത്തി കർഷകർക്ക് പരിശീലനത്തിനായി 5000/- രൂപ ചെലവഴിച്ചു. പദ്ധതി നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകുന്ന പരിശീലനം നിർവ്വഹണത്തിന്റെ ഭാഗമാണ്. പരിശീലന പരിപാടികൾ നടത്തുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും ചെലവ് ഒഴിവാക്കണമെന്ന് 12-ാംപദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ളൊരു പരിപാടി നടന്നിട്ടില്ലായെന്ന് പ്രസിഡന്റും സെക്രട്ടറിയും അറിയിച്ചിട്ടുള്ളതാണ്. ആയതിനാൽ പരിശീലനത്തിനായി ചെലവഴിച്ച തുക (5000/- രൂപ) നിരാകരിക്കുന്നു.

## 3-4 പട്ടികജാതി കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ പദ്ധതി -ഉപകരണങ്ങൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു.

പ്രോജക്ട് നം. - 19/2015-16

മംഗലപുരം ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷം നടപ്പാക്കിയ പദ്ധതിയാണ് പട്ടികജാതി കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ. ടി പദ്ധതിക്കായി വികസനഫണ്ട് (എസ്.സി.പി) -ൽ നിന്നും 592000/- രൂപ വകയിരുത്തിയിട്ടുള്ളതും ടി തുക ബിൽ നം. 22/2016 തീയതി 28.03.2016 (DD No: 153210/- തീയതി 28.03.2016) പ്രകാരം സിഡ്കോയ്ക്ക് നൽകിയിട്ടുള്ളതാണ്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ നിന്നും ആകെ വാങ്ങിയ 148 യൂണിറ്റുകളിൽ 124 യൂണിറ്റുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ബാക്കിയുള്ള 24 യൂണിറ്റുകൾ തോന്നയ്ക്കൽ ഗവ.ഹയർ സെക്കന്ററി സ്കൂൾ ലൈബ്രറിയിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്നു.

പ്രഥമാധ്യാപകർ തയ്യാറാക്കി നൽകിയ വിദ്യാർത്ഥികളുടെ ലിസ്റ്റ് അടിസ്ഥാനമാക്കി ഫർണ്ണീച്ചർ വാങ്ങുകയായിരുന്നുവെന്ന് പരിശോധനയിൽ വ്യക്തമാണ്. എന്നാൽ ലിസ്റ്റിൽ ഉൾപ്പെട്ട 24 വിദ്യാർത്ഥികൾ മംഗലപുരം ഗ്രാമപഞ്ചായത്തിൽ പെട്ടവരായിരുന്നില്ല. ആയതിനാൽ നടപ്പുവർഷത്തെ പ്രോജക്ടിൽപ്പെടുത്തി യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി അവശേഷിക്കുന്ന പഠനോപകരണങ്ങൾ വിതരണം ചെയ്യേണ്ടതാണ്.

## 3-5 എൻ.എ.സി യില്ലാതെ മരുന്നുവാങ്ങൽ- 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര് : ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നമ്പർ : SO 018/16

മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ പദ്ധതിയായ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിനായി മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)-ൽ നിന്നും 1,00,000/- രൂപ വകയിരുത്തുകയും ആയതിനനുസരിച്ച് കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി ലിമിറ്റഡിൽ നിന്നും മരുന്നുകൾ (ഇൻവോയിസ് നം. PF-1085 തീയതി 05.01.2016) എന്നിവ വാങ്ങിയിട്ടുള്ളതുമാണ്. ഡി.ഡി.നം.028775 തീയതി 14.01.2016. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ നിന്നും ടി മരുന്നുകൾ വാങ്ങിയിട്ടുള്ളത് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ്. ഇത് സർക്കാർ ഉത്തരവുകളുടെയും പദ്ധതി മാർഗ്ഗരേഖകളുടെയും ലംഘനമാണ്. ആയതിനാൽ എൻ.എ.സി. യില്ലാതെ മരുന്നു വാങ്ങിയതിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം. 4 തീയതി 29.09.2016) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലായെന്നാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ ടി 1,00,000/-

രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 വാഹന ഉപയോഗത്തിലെ ക്രമക്കേടുകൾ

മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ കെ.എൽ 22-975ബോലേറോ ജീപ്പിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ടി വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നാളിതുവരെ നടത്തിയിട്ടില്ല എന്ന് കണ്ടെത്തുകയുണ്ടായി. ഡ്രൈവർ സമർപ്പിക്കുന്ന ഇന്ധന ബില്ലുകൾ യാതൊരു പരിശോധനയും കൂടാതെ അംഗീകരിച്ച് പണമാക്കി നൽകുന്ന രീതിയാണ് ഇപ്പോൾ പഞ്ചായത്ത് അനുവർത്തിക്കുന്നത്. വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് സാധ്യമായ ഏറ്റവുമടുത്ത ദിവസം നടത്തി റിപ്പോർട്ട് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

ഇന്ധനം നിറയ്ക്കുന്ന വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുകയോ ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. 7.3.14 ന് 105663 കിലോ മീറ്റർ റീഡിംഗിൽ പഞ്ചായത്ത് ഓഫീസിൽ യാത്ര അവസാനിപ്പിച്ച വാഹനം 08.03.2014 ന് 30കിലോ മീറ്റർ സഞ്ചരിച്ച് ഇലക്ഷൻ ആവശ്യത്തിലേക്കായി ഡെപ്യൂട്ടി കളക്ടർ മുമ്പാകെ റിപ്പോർട്ട് ചെയ്യുമ്പോഴും കിലോ മീറ്റർ റീഡിംഗ് 105663 കിലോ മീറ്റർ തന്നെയാണ്. ഇലക്ഷൻ ആവശ്യത്തിലേക്കായി 513 കിലോ മീറ്റർ ഓടി എങ്കിലും ഇന്ധനം നിറച്ചതായും കാണുന്നില്ല,ഇതിൽ നിന്നും ലോഗ് ബുക്ക് കൃത്യമായി പരിപാലിക്കുന്നില്ല എന്ന നിഗമനത്തിലാണ് ഓഡിറ്റ് എത്തിച്ചേർന്നിരിക്കുന്നത്.

20.04.2015 ന് ബുധനാഴ്ച രാവിലെ 9 am ന് വാഹനം ടി.വിഎസ്സിൽ റണ്ണിംഗ് റിപ്പയറിങ്ങിനായി പ്രവേശിപ്പിച്ചതായാണ് ലോഗ് ബുക്ക് പറയുന്നത്. എന്നാൽ ടി.വി.എസ്. ബില്ലുകൾ പ്രകാരം 22.4.2015 ന് വെള്ളിയാഴ്ച മാത്രമാണ് വാഹനം വർക്ക് ഷോപ്പിൽ എത്തുന്നത്. ലോഗ് ബുക്ക് പ്രകാരം ടി സമയത്തെ കിലോമീറ്റർ റീഡിംഗ് 118580 ആണ് എന്നാൽ ടിവിഎസ്സിലെ രേഖകൾ പ്രകാരം 119214 കിലോ മീറ്റർ ആണ്. അധികമായി ഓടിയ 634 km നുള്ള അധികച്ചെലവായ 1902/- രൂപ [കിലോ മീറ്ററിന് മൂന്ന് രൂപ നിരക്കിൽ- G.O.(Ms)No.25/07/Fin dt.19.01.2007 പ്രകാരം] തിരികെ ഈടാക്കി രസീത് ഓഡിറ്റ് പരിശോധനക്ക് സമർപ്പിക്കേണ്ടതാണ്.

28.09.2016 ന് 125276 കിലോമീറ്റർ ഓടിയ വാഹനം റണ്ണിംഗ് റിപ്പയറിങ്ങിനായി ടിവിഎസ്സിൽ കയറ്റിയതായി ലോഗ് ബുക്കിൽ പറയുന്നു. എന്നാൽ ടിവിഎസ്സിലെ എഞ്ചിനീയർ സർട്ടിഫൈ ചെയ്ത പ്രകാരം വാഹനത്തിന്റെ റീഡിംഗ് 119218 km ആണ്. ടി ദിവസം തന്നെ ടി.വി.എസ്സ്. വാഹനം വിട്ട് നൽകിയെങ്കിലും തുടർന്നുള്ള 12 ദിവസങ്ങൾ ലോഗ് ബുക്കിൽ യാതൊരു രേഖപ്പെടുത്തലും നടത്തിയിട്ടില്ല. ടി ദിവസങ്ങളിൽ വാഹനം ഓടിയിട്ടുണ്ട് എന്ന നിഗമനത്തിലാണ് ഓഡിറ്റ് എത്തിച്ചേർന്നിരിക്കുന്നത്. അധികമായി ഓടിയ 6058 കി.മീ. കിലോമീറ്ററിന് മൂന്ന് രൂപ നിരക്കിൽ 18,174/- രൂപ ഡ്രൈവറിൽ നിന്ന് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രസീത് ഹാജരാക്കേണ്ടതാണ്.

## 3-7 പ്രീ പ്രൈമറി പോഷകാഹാരം പദ്ധതി - അശാസ്ത്രീയമായ വിതരണം

പ്രോജക്ട് നം. - SO 072/16

മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ പദ്ധതിയായ പ്രീ പ്രൈമറി കുട്ടികൾക്ക് പോഷകാഹാരം പദ്ധതിക്കായി വികസനഫണ്ട് (ജനറൽ)-ൽ നിന്നും 2,00,000/- രൂപ വകയിരുത്തുകയും ആയതിനനുസരിച്ച് ആഴ്ചയിൽ ഒരു ദിവസം പാൽ, നേന്ത്രപ്പഴം എന്നിവ നൽകുന്നതിനായി തുക ചെലവഴിച്ചിട്ടുള്ളതുമാണ് (142774/- രൂപ, ബിൽ നം. 1 തീയതി 25.01.2016 & 57226/- രൂപ, ബിൽ നം. 2 തീയതി 29.03.2016) എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ നിന്നും ഓരോ സ്കൂളിലേയും കുട്ടികൾക്ക് പാൽ നൽകിയത് വ്യത്യസ്ഥ അളവിലാണ്.

| സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | നൽകുന്ന പാലിന്റെ | ഏത്തപ്പഴത്തിന്റെ അളവ് (കി.ഗ്രാം) | ഒരു കുട്ടിക്ക് ലഭിക്കുന്ന | ഒരു കുട്ടിക്ക് ലഭിക്കുന്ന ഏത്തപ്പഴത്തിന്റെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | അളവ് (ലിറ്റർ) | | പാലിന്റെ അളവ് (ലിറ്റർ) | അളവ് (കി.ഗ്രാം) |
| ഗവ.എൽ.പി.എസ്, തോന്നയ്ക്കൽ | 140 | 21.25 | 29.75 | 0.15 | 0.21 |
| ഗവ.എൽ.പി.എസ്, ഇടവിളാകം | 80 | 14.59 | 12 | 0.18 | 0.15 |
| ഗവ.എൽ.പി.എസ്, മംഗലപുരം | 50 | 7.5 | 12 | 0.15 | 0.24 |
| ഗവ.എൽ.പി.എസ്, പാട്ടത്തിൽ | 51 | 6 | 14.5 | 0.12 | 0.28 |
| ഗവ.എൽ.പി.എസ്, കോരാണി | 42 | 7.8 | 6.2 | 0.19 | 0.15 |
| ഗവ.എൽ.പി.എസ്, മുരുക്കുംപുഴ | 30 | 4.5 | 5.5 | 0.15 | 0.18 |
| ഗവ.എൽ.പി.എസ്, കൈലാത്തുകോണം | 30 | 5.6 | 5.5 | 0.19 | 0.18 |

ഒരു കുട്ടിക്ക് ലഭിക്കുന്ന പാൽ 120 മി.ലിറ്റർ മുതൽ 190 മി.ലിറ്റർ വരെയും നേന്ത്രപ്പഴം 150 മി.ഗ്രാം മുതൽ 280 മി.ഗ്രാം വരെയുമുള്ള വ്യത്യസ്ത അളവുകളിലാണ്. അതായത് ഓരോ കുട്ടിക്കും ലഭ്യമാക്കുന്ന പാലിന്റെയും നേന്ത്രപ്പഴത്തിന്റെയും അളവിന് ഏകീകൃത സ്വഭാവമില്ല . പോഷകാഹാര വിതരണത്തിന് ഏകീകൃത സ്വഭാവം ഉറപ്പ് വരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| ഇല് | | | | | |

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം / ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

(i) വായ്പ / വിനിയോഗം/ വീഴ്ചകൾ എന്നിവയുടെ വിവരം

| 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിക്കാൻ അവശേഷിക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം |
|---|---|---|---|---|
| ഇല്ല | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | വർഷാവസാന ബാക്കി |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഓ (ആർ.ടി നം. 275/2000/LSGD dated 27-01-2010 | 175,00,000 | 87,50,000 | 23,58,000 | - | 63,92,000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 9,25,49,345/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 6,44,55,450/- |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 10,999/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 1,00,000/- |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്ന തുക | സർചാർജ് ചെയ്യാവുന്ന തുക | |
| 3.2 | - | 5999/- | ശ്രീമതി. ഷീബ.എ.എസ്, അസി.എഞ്ചിനീയർ<br>&<br>09.07.2015 ലെ കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ |
| 3.3 | - | 5000/- | ശ്രീ.സുകുമാരൻ നായർ,<br>കൃഷി ഓഫീസർ |

*(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.5 | 1,00,000/- | ഡോ.കെ.ബീന, ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) |

## **4-9** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1985-86 | നം.എൽ.എഫ്.റ്റി.ഡി.10 / 1820 / 89 / 08.08.1990 | |
| 1986-87 | നം.എൽ.എഫ്.റ്റി.ഡി.10 / 1820/ 89/ 08.08.1990 | |

| | | |
|---|---|---|
| 1987-88 | നം.എൽ.എഫ്.റ്റി.ഡി.10 / 1820 / 89/ 08.08.1990 | |
| 1988-89 | നം.എൽ.എഫ്.റ്റി.ഡി. 9 / 9447 / 92 / 16.02.2003 | |
| 1989-90 | നം.എൽ.എഫ്.റ്റി.ഡി.10 /1281 /92 / 06.07.2003(സ്പെ.റി) | |
| 1990-91 | നം.എൽ.എഫ്.റ്റി.ഡി.10 /1281 /92 / 06.07.2003(സ്പെ.റി) | |
| 1993-94മുതൽ 1996-97 വരെ | നം.എൽ.എഫ്.റ്റി.ഡി.6(ബി) /115 / 02 / 03.07.2002 | |
| 1997-98 | നം.എൽ.എഫ്.റ്റി.ഡി.6(ബി) /152 /02 / 03.07.2002 | |
| 1998-99 | നം.എൽ.എഫ്.റ്റി.ഡി.6(ബി) / 311 / 02 / 04.12.2002 | |
| 1999-00 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7 /474 / 02 / 16.03.2004 /07.08.2004 | |
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11 / 1469 (1)/ 08/ 04.07.14 | |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.711/ 1469(2)/ 08 /04.07.14 | |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11 / 537 /04/04.07.14 | |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7 / 1953 / 05 /04.07.14 | |

| | | |
|---|---|---|
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7 / 1792 / 07 / 04.07.14 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7 /1793/ / 07 / 04.07.14 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7 / 1755/06/04.07.14 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11 /1454 / 10/04.07.14 | |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11 /1273 /10 / 04.07.14 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/ 127 / 12 / 04.07.14 | |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.7/ 128 /12 /<br>29. 05.2012 / 17.07.2012 | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11 / 699 /13<br>06.11.2013 / 23.12.2013 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11 / 258 /14<br>26.04.2014 / 03.07.2014 | |
| 2013-14 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11 /415/15/30.03.2015 | |

| | | |
|---|---|---|
| 2014-15 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11 /1184/16/29.06.2016 | |

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

ആർ.എസ്.3.12.2016

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതൊഴികെ മംഗലപുരം ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പും 2003 ജൂൺ 12 ലെ നമ്പർ- 3/19/2003/ധന തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## ന്യൂനതകൾ

1. സ്ഥാപനത്തിന്റെ മുഴുവൻ ആസ്തിവിവരവും വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിച്ചിട്ടില്ല

2. സ്റ്റോക്ക് & സ്റ്റോർസ് മൂല്യാധിഷ്ഠിതമായി തയ്യാറാക്കി വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. വികസനഫണ്ട് (ജനറൽ) 3005830/-രൂപ ബാലൻസ് കാണിക്കുന്നു.

4. ഇ.എം.എസ്. ലോൺ തിരിച്ചടവ് എ.എഫ്.എസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്